# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം


സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939


പി.ആർ.ഒ/35/214/2016 **പത്രക്കുറിപ്പ്** 2016 ഒക്ടോബർ 05

**എം.ബി.എ പഴയ സ്കീം പരീക്ഷ**
2015 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ (2011 അഡ്മിഷൻ) പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 26ന് ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ (പഴയ സ്കീം – 2010, 2011 – അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഒക്ടോബർ 14 ആണ്. മേഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്നവർ 5000 രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

**അപേക്ഷാ തീയതി**
ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും. അപേക്ഷകർ 100 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. കോളജിൽ നിന്നും യൂണിവേഴ്സിറ്റി പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കണം. പരീക്ഷാ തീയതി പിന്നീട്. പരീക്ഷാ ഫീസ് അടയ്ക്കുന്ന തീയതികളിൽ തന്നെ അപേക്ഷാ ഫോം യൂണിവേഴ്സിറ്റി പോട്ടലിൽ അപ്‌ലോഡ് ചെയ്യണം.

**പരീക്ഷാ ഫലം**
2016 ഏപ്രിൽ മാസം നടത്തിയ അഞ്ചാം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 15 വരെ സ്വീകരിക്കും.

2016 ജൂൺ മാസം നടത്തിയ രണ്ടാം വർഷ ബി.എസ്.സി മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 22 വരെ സ്വീകരിക്കും.

**പി.എച്ച്.ഡി കോഴ്സ് വർക്ക് അപേക്ഷാ തീയതി നീട്ടി**
എം.ജി സർവ്വകലാശാലയിലെ പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി നീട്ടി. പിഴകൂടാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയേടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും.

**എം.ജിയിൽ പ്ലെയ്സ്മെന്റ് ട്രെയിനർ ഒഴിവ്**
എം.ജി സർവ്വകലാശാലാ പ്ലെയ്സ്മെന്റ് ആന്റ് ട്രെയ്നിംഗ് സെല്ലിലേക്ക് വിദ്യാർത്ഥികൾക്കുള്ള പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ പരിശീലകരെ നിയമിക്കുന്നു. 55 ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ അംഗീകൃത ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദഗ്ധ പരിശീലകർക്കും, അക്രഡിറ്റഡ് സ്ഥാപനങ്ങൾ/സർക്കാർ ഏജൻസികൾ എന്നിവയിൽ നിന്നും സർട്ടിഫിക്കറ്റ് ഉള്ളവർക്കും മുൻഗണന. ഗവ. സ്ഥാനപങ്ങളിലോ അംഗീകൃത കോർപ്പറേറ്റ് സ്ഥാപനങ്ങളിലോ ഉള്ള 5 വർഷത്തെ പ്രവൃത്തി പരിചയം വേണം. യു.ജി.സി നിബന്ധനകളനുസരിച്ച് ഗസ്റ്റ് അദ്ധ്യാപകർക്കുള്ള നിരക്കിൽ പ്രതിഫലം ലഭിക്കും. അപേക്ഷകൾ ഡപ്യൂട്ടി രജിസ്ട്രാർ – രണ്ട് (ഭരണ വിഭാഗം), മഹാത്മാ ഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686560 എന്ന വിലാസത്തിൽ ഒക്ടോബർ 22നകം ലഭിക്കണം. വിവരങ്ങൾക്ക് ഫോൺ 0481–2733304. വെബ് സൈറ്റ്: www.mgu.ac.in

**സൗജന്യ ബാങ്ക് ടെസ്റ്റ് പരിശീലനം**
എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടത്തുന്ന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ മഹാത്മാ ഗാന്ധി സർവ്വകലാശല എംപ്ലോയ്മെന്റ് ആന്റ് ഗൈഡൻസ് ബ്യൂറോയിൽ 25 ദിവസത്തെ സൗജന്യ ബാങ്ക് ടെസ്റ്റ് പരിശീലനം ആരംഭിക്കും. ഫോൺ 0481–2731025.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)